LIBRARY ARCHIVES Kerala Legislative Assembly

അഴിമതി തടയാൻ പദ്ധതി

102(5689) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി ജനപങ്കാളിത്തത്തോടെ ഇല്ലാതാക്കാനും അഴിമതിയുടെ സാധ്യതകൾ കണ്ടെത്തി തടയുവാനും ആഭ്യന്തര വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് വകുപ്പ് " വിജിലന്റ് കേരള " എന്ന പേരിൽ ഒരു പദ്ധതി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലൂടെ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഓരോ ഗ്രാമവും 100% അഴിമതിരഹിതമാക്കാനും അതിലൂടെ കേരളം മുഴുവനും അഴിമതിരഹിതമാക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) 2014 ആഗസ്റ്റ് മുതൽ പൈലറ്റ് പ്രോജക്ടായി എറണാകുളം മുതൽ വടക്കോട്ടുള്ള എട്ടുജില്ലകളിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 9-7-2015-ലാണ് നടന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ഭരണതലത്തിലെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

പോലീസ് സേനയുടെ ശാക്തീകരണം

103(5690) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;